**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5225** — **12-08-2021 - ൽ മറുപടിയ്ക്ക്**

**കേരള മണി ലെന്റേഴ്സ് ആക്ട് പ്രകാരം നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | Shri K N Balagopal (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള മണി ലെന്റേഴ്സ് ആക്ടിന് കീഴിൽ 2021 മാർച്ച് 31 വരെ സംസ്ഥാനത്ത് എത്ര സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇപ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | (എ) | കേരള മണി ലെന്റേഴ്സ് ആക്ടിന് കീഴിൽ 2021 മാർച്ച് 31 വരെ സംസ്ഥാനത്ത് 11427 സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; കേരള മണി ലെന്റേഴ്സ് ആക്ട് 1958 പ്രകാരം ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു എന്ന് മനസ്സിലാക്കിയ താഴെ പറയുന്ന രണ്ടു സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. 1. ശ്രീനിധി ഫൈനാൻസ്, പൂന്തുറ, തിരുവനന്തപുരം 2. സ്വാതി ഫൈനാൻസ്, കരുമം, തിരുവനന്തപുരം എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ ടി രണ്ടു സ്ഥാപനങ്ങളും കേരള മണി ലെന്റേഴ്സ് ആക്ട് 1958 പ്രകാരം ലൈസൻസ് എടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ലൈസൻസ് എടുക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ മണിലെൻഡേഴ്സ് ആക്ട് പ്രകാരമുള്ള ലൈസൻസ് ഇല്ലാതെയോ കമ്പനി ആക്ട് പ്രകാരമുള്ള രെജിസ്ട്രേഷൻ എടുക്കാതെയോ അനധികൃതമായി സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | മണി ലെന്റേഴ്സ് ആക്ട് പ്രകാരമുള്ള ലൈസൻസില്ലാതെയോ കമ്പനി ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ എടുക്കാതെയോ അനധികൃതമായി പ്രവർത്തിക്കുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾക്ക് എതിരെ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; ഇതനുസരിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | കേരള മണി ലെന്റേഴ്സ് ആക്ടിന് കീഴിൽ 2021 മാർച്ച് 31 വരെ സംസ്ഥാനത്ത് 11427 സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; കേരള മണി ലെന്റേഴ്സ് ആക്ട് 1958 പ്രകാരം ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു എന്ന് മനസ്സിലാക്കിയ താഴെ പറയുന്ന രണ്ടു സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. 1. ശ്രീനിധി ഫൈനാൻസ്, പൂന്തുറ, തിരുവനന്തപുരം 2. സ്വാതി ഫൈനാൻസ്, കരുമം, തിരുവനന്തപുരം എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ ടി രണ്ടു സ്ഥാപനങ്ങളും കേരള മണി ലെന്റേഴ്സ് ആക്ട് 1958 പ്രകാരം ലൈസൻസ് എടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ലൈസൻസ് എടുക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ |

| | | | |
|---|---|---|---|
| | | | മണിലെൻഡേർസ് ആക്ട് പ്രകാരമുള്ള ലൈസൻസ് ഇല്ലാതെയോ കമ്പനി ആക്ട് പ്രകാരമുള്ള രെജിസ്ട്രേഷൻ എടുക്കാതെയോ അനധികൃതമായി സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ